പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3046** **20. 06. 2014-** ലെ മറുപടി

പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി ക്ഷേമനിധി പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) 2008-ലാണ് പ്രവാസി ക്ഷേമ ആക്ട് നിലവിൽ വന്നത്. ടി ആക്ടിന്റെ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 2009 മാർച്ച് മാസത്തിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു. |
| (ബി) പ്രസ്തുത ക്ഷേമനിധിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) നാളിതുവരെ കേരള പ്രവാസി ക്ഷേമനിധിയിൽ 1,27,639 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (സി) അംഗങ്ങളായി ചേർന്ന മുഴുവൻ പ്രവാസികൾക്കും അംഗത്വ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ, കാർഡ് വിതരണം എപ്പോൾ പൂർത്തിയാക്കും എന്ന് വിശദമാക്കുമോ; | (സി & ഡി) 2014 മാർച്ച് മാസം വരെ അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ സാധുവായ എല്ലാ അപേക്ഷകർക്കും അംഗത്വ/അംശദായ അടവ് കാർഡ് അയച്ചുകൊടുത്തിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളിൽ സാധുവായവയ്ക്ക് അംഗത്വ/അംശദായ അടവ് കാർഡ് അയക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഇ) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) തുടർച്ചയായി അംശാദായമടക്കുന്ന ക്ഷേമനിധി അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ |

ചികിത്സാധനസഹായം, മരണാന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ്, ഇൻഷുറൻസ് പരിരക്ഷ, തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കുകയും അതുവഴി ക്ഷേമനിധിയിലെ അംഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. 55 വയസ്സ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാതെ വന്ന പ്രവാസികൾക്കായി പുനരധിവാസ പദ്ധതികളും അംഗങ്ങൾക്കായി ഭവന വായ്പ, സ്വയം തൊഴിൽ വായ്പ തുടങ്ങിയ വായ്പ പദ്ധതികളും നടപ്പിലാക്കുക തുടങ്ങിയവയും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.

സെക്ഷൻ ഓഫീസർ